# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് ആറ്

## രാജാവിന്റെ പൂർവികരും പദവിയും

### (6)

Tue മത്തായി 1 പേരുകളുടെ ഒരു അധ്യായമാണ്. അബ്രാഹാം, യിസ്ഹാക്, യാക്കോബ് എന്നീ പേരുകളിലും, താമാർ, രഹാബ് എന്നീ പേരുകളിൽപോലും നാം വേണ്ടുവോളം സമയം ചിലവഴിച്ചു. എന്നാൽ അവസാനത്തെ രണ്ടു പേരുകളായ യേശുവും ഇമ്മാനൂവേലും അത്യത്ഭുതമാണ്. മത്തായി 1-ന്റെ അവസാനഭാഗം ക്രിസ്തുവിന്റെ ജനനത്തോട് ഇടപെടുന്നു എന്നു തോന്നുന്നുവെങ്കിലും, അത് വാസ്തവത്തിൽ യേശു, ഇമ്മാനൂവേൽ എന്നീ പേരുകളോടാണ് ഇടപെടുന്നത്. ഈ നാമങ്ങളിൽ നമുക്കെങ്ങനെ വസിക്കുവാൻ കഴിയും എന്നതിന്റെ ഒരു സൂചന ഈ ദൂതിൽ നിങ്ങൾക്കു തരുവാൻ ഞാൻ ഭാരപ്പെടുന്നു.

### J. യേശു, ദൈവത്താൽ നൽകപ്പെട്ട നാമം

യേശു എന്നത് ദൈവത്താൽ നൽകപ്പെട്ട നാമമായിരുന്നു, എന്നാൽ ഇമ്മാനൂവേൽ മനഷ്യരാൽ വിളിക്കപ്പെട്ട നാമമായിരുന്നു. മറിയ ഗർഭംധരിക്കാനിരിക്കുന്ന കുഞ്ഞ് യേശു എന്നു വിളിക്കപ്പെടുമെന്ന് ഗബ്രിയേൽദൂതൻ മറിയയോടു പറഞ്ഞു (ലൂക്കൊ. 1:31). പിന്നീട് കർത്താവിന്റെ ദൂതൻ യോസേഫിനു പ്രത്യക്ഷനാകുകയും കുഞ്ഞിനെ യേശു എന്നു വിളിക്കുവാൻ അവനോടു പറയുകയും ചെയ്തു (മത്താ. 1:21, 25). തന്മൂലം, യേശു എന്നത് ദൈവത്താൽ നൽകപ്പെട്ട പേരായിരുന്നു.

### *1. യേശുവിന്റെ നാമത്തിലുള്ള മൂന്നു മൂലകങ്ങൾ*

#### *a. യഹോവ—"ഞാൻ ആകുന്നവൻ ഞാൻ ആകുന്നു"*

യേശു എന്ന നാമത്തിൽ യഹോവ എന്ന നാമം ഉൾപ്പെടുന്നു. എബ്രായഭാഷയിൽ ദൈവം എന്ന നാമം അർഥമാക്കുന്നത് ശക്തനായവൻ, സർവശക്തനായ ദൈവം എന്നാണ്; യഹോവ എന്ന

നാമം അർഥമാക്കുന്നത് ഞാൻ ആകുന്നു—ഞാൻ ആകുന്നവൻ ഞാൻ ആകുന്നു എന്നാണ് (പുറ. 3:14). എബ്രായഭാഷയിൽ "ആയിരിക്കുക" എന്ന ക്രിയ വർത്തമാനകാലത്തെ മാത്രമല്ല, ഭൂതകാലത്തെയും ഭാവികാലത്തെയുംകൂടെ പരാമർശിക്കുന്നു. തന്മൂലം, യഹോവയുടെ ശരിയായ അർഥം ഞാൻ ആകുന്നവൻ ഞാൻ ആകുന്നു—ഇപ്പോഴുള്ളവനും, മുമ്പുണ്ടായിരുന്നവനും, ഭാവിയിലും നിത്യതയോളം എന്നെന്നേക്കും ഉണ്ടായിരിക്കുന്നവനും എന്നാണ്. ഇതാണ് യഹോവ എന്ന നാമം. ദൈവം മാത്രമാണ് നിത്യനായവൻ. കഴിഞ്ഞകാല നിത്യതമുതൽ വരുംകാല നിത്യതവരെ, അവനാണ് ഞാൻ ആകുന്നവൻ. അതുകൊണ്ട്, കർത്താവായ യേശുവിന് തന്നെക്കുറിച്ച് ഇങ്ങനെ പറയുവാൻ കഴിഞ്ഞു, "അബ്രാഹാം ഉളവായതിനുമുമ്പേ, ഞാൻ ആകുന്നു" (യോഹ. 8:58). "ഞാൻ ആകുന്നു എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും" എന്നും "നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തുമ്പോൾ ഞാൻ ആകുന്നു എന്ന് നിങ്ങൾ അറിയും" എന്നും അവൻ യെഹൂദന്മാരോടു പറഞ്ഞു (യോഹ. 8:24, 28). യേശു ശ്രേഷ്ഠനായ ഞാൻ ആകുന്നവൻ ആണെന്നു നാം മനസ്സിലാക്കുകയും ശ്രേഷ്ഠനായ ഞാൻ ആകുന്നവൻ എന്ന നിലയിൽ നാം അവനിൽ വിശ്വസിക്കുകയും വേണം.

കർത്താവിന്റെ നാമം ഞാൻ ആകുന്നവൻ ആയതുകൊണ്ട്, "കർത്താവേ, നിന്റെ നാമം ഞാൻ ആകുന്നവൻ എന്ന് നീ എന്നോടു പറഞ്ഞു. അപ്പോൾ നീ എന്താണ്?" എന്ന് നാം പറഞ്ഞേക്കാം. അവന്റെ ഉത്തരം ഇതായിരിക്കും, "നിനക്ക് ആവശ്യമായതൊക്കെയും ഞാൻ ആകുന്നു." നമുക്ക് ആവശ്യമായതൊക്കെയും കർത്താവ് ആകുന്നു. നമുക്ക് രക്ഷ ആവശ്യമാണെങ്കിൽ, അവൻതന്നെ നമുക്ക് രക്ഷയായിരിക്കും. തുക എഴുതാതെ ഒപ്പിട്ടിരിക്കുന്ന ഒരു ചെക്ക് ലീഫ് നമുക്കുണ്ട്; നമുക്കാവശ്യമുള്ളത് പൂരിപ്പിക്കാം. നമുക്ക് ഒരു ഡോളറാണ് ആവശ്യമെങ്കിൽ ഒരു ഡോളർ എന്നെഴുതാം. എന്നാൽ നമുക്ക് പത്തു ലക്ഷം ഡോളറാണ് ആവശ്യമെങ്കിൽ, പത്തു ലക്ഷം ഡോളർ എന്നെഴുതാം. നൂറു കോടിയാണ് ആവശ്യമെന്ന് നമുക്കു തോന്നുന്നതെങ്കിൽ, ആ തുക നമുക്കെഴുതാം. നമുക്ക് ആവശ്യമായതൊക്കെയും ചെക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിങ്ങൾക്ക് ആവശ്യമായതൊക്കെയും, യേശു ആകുന്നു. നിങ്ങൾക്ക് വെളിച്ചമോ, ജീവനോ, ശക്തിയോ, ജ്ഞാനമോ, വിശുദ്ധിയോ, നീതിയോ ആവശ്യമാണോ? യേശു തന്നെയാണ് വെളിച്ചവും, ജീവനും, ശക്തിയും, ജ്ഞാനവും, വിശുദ്ധിയും, നീതിയും. നമുക്ക് ആവശ്യമായ സകലതും യേശുവിന്റെ നാമത്തിൽ കണ്ടെത്താം. ഈ അത്ഭുതകരമായ നാമം എത്ര ഉന്നതവും എത്ര സമ്പന്നവും ആണ്!

### *b. രക്ഷകൻ*

യേശുവിന്റെ നാമത്തിൽ അടങ്ങിയിരിക്കുന്ന ഒന്നാമത്തെ മൂലകം യഹോവയാണ്. രണ്ടാമത്തേത് രക്ഷകനാണ്. യേശു യഹോവാ-രക്ഷകൻ, സകല പ്രതിലോമ കാര്യങ്ങളിൽനിന്നും— നമ്മുടെ പാപങ്ങളിൽനിന്നും, നരകത്തിൽനിന്നും, ദൈവത്തിന്റെ ന്യായവിധിയിൽനിന്നും, നിത്യശിക്ഷാവിധിയിൽനിന്നും—നമ്മെ രക്ഷിക്കുന്നവനാണ്. ദൈവം കുറ്റംവിധിക്കുന്ന സകലത്തിൽനിന്നും നാം വെറുക്കുന്ന സകലത്തിൽനിന്നും അവൻ നമ്മെ രക്ഷിക്കുന്നു. നമ്മുടെ കോപത്തെ നാം വെറുക്കുന്നുവെങ്കിൽ, അതിൽനിന്നും അവൻ നമ്മെ രക്ഷിക്കും. സാത്താന്റെ ദുഷ്ടശക്തിയിൽനിന്നും, നമ്മുടെ ദൈനംദിന ജീവിതത്തിൽ മുറുകെപ്പറ്റുന്ന സകല പാപങ്ങളിൽനിന്നും, സകല ബന്ധനങ്ങളിൽനിന്നും സകല ദുശീലങ്ങളിൽനിന്നും അവൻ നമ്മെ രക്ഷിക്കുന്നു. ഹല്ലേലൂയ്യാ, അവൻ രക്ഷകനാണ്!

### *c. രക്ഷ*

യേശു രക്ഷകൻ മാത്രമല്ല, അവൻ തന്നെയാണ് നമ്മുടെ രക്ഷയും. നിങ്ങൾക്ക് രക്ഷ നൽകുവാൻ അവനോട് ആവശ്യപ്പെടരുത്. പകരം, "കർത്താവായ യേശുവേ, എന്നിലേക്കു വന്ന് എന്റെ രക്ഷയായിരിക്കേണമേ" എന്നു നിങ്ങൾ പറയണം. യേശു നിങ്ങൾക്ക് ഒരിക്കലും രക്ഷ തരികയില്ല. അവൻ രക്ഷയായി നിങ്ങളുടെ അടുക്കൽ വരും. നാം എത്രമാത്രം രക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് വിശ്വാസികളായ നാം മനസ്സിലാക്കുന്നില്ല. ഓരോ ദിവസവും, ഓരോ മണിക്കൂറും, ഓരോ നിമിഷവും, നാം രക്ഷിക്കപ്പെടുവാൻ ആവശ്യമായ ചിലത് നമുക്കുണ്ട്.

ഉല്പത്തി 1-നെ സംബന്ധിച്ച ദൂതിൽ ജീവനിൽ വളരുന്നതിനെക്കുറിച്ച് നാം സംസാരിച്ചിരുന്നു. എന്നാൽ ജീവനിൽ വളരുകയെന്നാൽ എന്താണ് അർഥമാക്കുന്നത്? അനുലോമവശത്ത്, ജീവനിൽ വളരുകയെന്നാൽ ക്രിസ്തു എന്തായിരിക്കുന്നുവോ ആ സമ്പന്നതിയിലേക്ക് നാം വളരുക എന്നാണ്. പ്രതിലോമവശത്ത്, ചില കാര്യങ്ങളിൽനിന്നും വിടുവിക്കപ്പെടുന്നതോ ചില കാര്യങ്ങളെ ഉപേക്ഷിക്കുന്നതോ ആണ്. നാം ചെറിയ മനുഷ്യരാണെങ്കിലും, നാം നിരവധി പ്രതിലോമ കാര്യങ്ങൾ കൂട്ടിവച്ചിട്ടുണ്ട്. നിങ്ങൾ എന്തുമാത്രം പ്രതിലോമ കാര്യങ്ങൾ കൂട്ടിവച്ചിട്ടുണ്ടെന്ന് ഒരുപക്ഷേ നിങ്ങൾ മനസ്സിലാക്കുന്നില്ല. നാം പോകുന്നിടത്തെല്ലാം സാധനങ്ങൾ ശേഖരിക്കുന്നു. വളരെയധികം പ്രതിലോമ കാര്യങ്ങൾ നാം എടുക്കുകയും നാം രക്ഷിക്കപ്പെടേണ്ടതായ വളരെയധികം ശീലങ്ങൾ നാം സമ്പാദിക്കുകയും ചെയ്യുന്നു. നിങ്ങൾ ഇതു വായിക്കുമ്പോൾത്തന്നെ എന്തിൽനിന്നെങ്കിലുമുള്ള രക്ഷ നിങ്ങൾക്കാവശ്യമാണെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടാവില്ല.

എന്നാൽ, നിങ്ങൾ പെട്ടെന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ടുവെന്നു കരുതുക. ഇപ്പോൾ നിങ്ങൾ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നുവെങ്കിൽ, വളരെയധികം രക്ഷ നിങ്ങൾക്കാവശ്യമാണെന്ന് പെട്ടെന്ന് നിങ്ങൾക്കു ബോധ്യപ്പെടും. ജീവനിൽ വളരുകയെന്നാൽ ആവശ്യമില്ലാത്ത സകല കാര്യങ്ങളിൽനിന്നും, നമ്മുടെ ജീവിതത്തിനാവശ്യമില്ലാത്ത സകലത്തിൽനിന്നും രക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് വെളിച്ചമുണ്ടെങ്കിൽ, നാലാം ദിവസത്തെ വെളിച്ചമുണ്ടെങ്കിൽ, നിങ്ങൾ പറയും, "കർത്താവേ, എന്നെ രക്ഷിക്കേണമേ!" അങ്ങനെയുള്ള സമയങ്ങളിൽ, യേശു സത്യമായും നമ്മുടെ രക്ഷകനും നമ്മുടെ രക്ഷയുമായ യഹോവയാണെന്ന് നാം മനസ്സിലാക്കുന്നു.

### *2. യേശുവിന്റെ നാമം സകല നാമത്തിനും മേലായത്*

യേശുവിന്റെ നാമം എല്ലാ നാമത്തിനും മേലാണ് (ഫിലി. 2:9-10). യേശുവിന്റെ നാമംപോലെ ഉന്നതവും ഉയർത്തപ്പെട്ടതുമായ ഒരു നാമവുമില്ല. നിങ്ങൾ യേശുവിനെ സ്നേഹിക്കുകയോ വെറുക്കുകയോ ചെയ്താലും, നിങ്ങൾ അവനുവേണ്ടിയോ അവനെതിരായിരിക്കുകയോ ചെയ്താലും, യേശുവിന്റെ നാമം ഒരു സവിശേഷ നാമമാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി അവന്റെ നാമം ഏറ്റവും ഉന്നതമായ നാമമാണെന്നും, അത് അസാമാന്യമായ നാമമാണെന്നും എല്ലാവരും തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് ചരിത്രം നമ്മോടു പറയുന്നു. ഈ ദൂതിലെ എന്റെ ഭാരം യേശുവിന്റെ ഈ ഉയർത്തപ്പെട്ട നാമം നാം അനേകം കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാകുന്നു എന്നതാണ്.

#### *a. വിശ്വസിക്കുന്നതിന്*

ഒന്നാമതായി, യേശുവിന്റെ നാമം അവനിൽ വിശ്വസിക്കുന്നതിനുവേണ്ടിയാണ് (യോഹ. 1:12). നാം എല്ലാവരും യേശുവിന്റെ നാമത്തിൽ വിശ്വസിക്കണം. ഇത് അപ്രധാനമായ ഒരു കാര്യമല്ല. കർത്താവായ യേശുവിൽ വിശ്വസിക്കുന്നു എന്ന് നാം പറഞ്ഞാൽ മാത്രം പോരാ, പിന്നെയോ നാം യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും വേണം. നാം സുവിശേഷം പ്രസംഗിക്കുമ്പോൾ, പ്രാർഥിക്കുവാൻ മാത്രമല്ല, അവർ യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നുവെന്ന് സർവപ്രപഞ്ചത്തോടും ഒരു പ്രഖ്യാപനം നടത്തുവാനും ജനത്തെ സഹായിക്കണം. ഒരു പാപി കർത്താവായ യേശുവിൽ വിശ്വസിക്കുവാൻ വരുമ്പോഴെല്ലാം, "ഇന്ന് ഞാൻ യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നു!" എന്ന് അവൻ പ്രഖ്യാപിക്കണം. ഇത് ഒരു വലിയ വ്യത്യാസം ഉളവാക്കുന്നു.

#### *b. സ്നാനപ്പെടുന്നതിന്*

യേശുവിന്റെ നാമം നാം സ്നാനപ്പെടുന്നതിനു വേണ്ടിയാണ്

(പ്രവൃ. 8:16; 19:5). ചില ക്രിസ്ത്യാനികളുടെ ഇടയിൽ അവർ സ്നാനപ്പെടുത്തുന്ന നാമത്തെ സംബന്ധിച്ച് ഒരു തർക്കമുണ്ട്. യേശുവിന്റെ നാമത്തിൽ മാത്രമേ നാം സ്നാനപ്പെടുത്താവൂ എന്ന് ചിലർ ശക്തമായി വാദിക്കുന്നു. മറ്റുള്ളവർ പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്ന് ശഠിക്കുന്നു. ഈ രണ്ടു കൂട്ടങ്ങളും തർക്കിക്കുകയും, വാഗ്വാദം നടത്തുകയും, പോരാടുകയും ചെയ്യുന്നു. വാസ്തവത്തിൽ ഇത് *നാമത്തിൽ* എന്നതിന്റെ വിഷയമല്ല, പിന്നെയോ *നാമത്തിലേക്ക്* എന്നതിന്റെ വിഷയമാണ്. നാം ജനത്തെ യേശുവിന്റെ നാമത്തിലേക്ക് സ്നാനപ്പെടുത്തുന്നു. നാമത്തിന് വ്യക്തി ആവശ്യമാണ്, നാമമാണ് വ്യക്തി. വ്യക്തിയെക്കൂടാതെ നാമത്തിന് യാതൊരു അർഥവുമില്ല. യേശുവിന്റെ നാമത്തിലേക്ക് സ്നാനപ്പെടുന്നത് അവൻ എന്ന വ്യക്തിയിലേക്ക് സ്നാനപ്പെടുന്നതാണ്. ഒരു യുവാവ് യേശുവിന്റെ നാമത്തിൽ ഇപ്പോൾ വിശ്വസിച്ചു എന്നു സങ്കല്പിക്കുക. നാം എന്തു ചെയ്യണം? നാം അവനെ യേശുവിന്റെ നാമത്തിലേക്ക് സ്നാനപ്പെടുത്തണം, അതായത്, അവനെ യേശുവിലേക്കു വയ്ക്കണം. ഇത് ഒരു ആചാരമോ, മതപരമായ ഒരു അംഗത്തെ അംഗീകരിക്കുന്ന ഒരു ചടങ്ങോ അല്ല. ഇത് വിശ്വാസത്തിന്റെ ഒരു പ്രവൃത്തിയാണ്; ഇതിൽ നാം യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവനെ എടുത്ത് അവനെ യേശു എന്ന വ്യക്തിയിലേക്ക് സ്നാനപ്പെടുത്തിക്കൊണ്ട് ഈ നാമത്തിലേക്ക് അവനെ വയ്ക്കുന്നു. നമ്മിൽ അനേകരും ക്രിസ്തുയേശുവിലേക്കു സ്നാനപ്പെട്ടിരിക്കുന്നുവെന്ന് റോമർ 6:3 പറയുന്നു; ഗലാത്യർ 3:27, "ക്രിസ്തുവലേക്കു സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും" എന്നു പറയുന്നു. ഇതാണ് യേശുവിന്റെ നാമത്തിലേക്ക് സ്നാനപ്പെടുക എന്നതിന്റെ യാഥാർഥ്യം.

### *c. രക്ഷിക്കപ്പെടുന്നതിന്*

യേശുവിന്റെ നാമം രക്ഷിക്കപ്പെടുന്നതിനുവേണ്ടിയും ആണ്. പ്രവൃത്തികൾ 4:12 പറയുന്നു, "ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നാം രക്ഷിക്കപ്പെടുവാൻ വേറൊരു നാമവും നൽകപ്പെട്ടിട്ടില്ല." യേശുവിന്റെ നാമം നാം രക്ഷിക്കപ്പെടുവാനായി മനഃപൂർവമായി നൽകപ്പെട്ടിരിക്കുന്നതാണ്. യേശുവിന്റെ നാമം രക്ഷിക്കുന്ന ഒരു നാമമാണ്.

### *d. സൗഖ്യം പ്രാപിക്കുവാൻ*

ദൈവാലയ വാതിൽക്കൽ പത്രൊസ് കണ്ടുമുട്ടിയ മുടന്തനായ മനുഷ്യനോട് അവൻ പറഞ്ഞു, "വെള്ളിയും പൊന്നും എന്റെ കൈവശം ഇല്ല, എന്നാൽ എനിക്കുള്ളത്, ഞാൻ നിനക്കു തരുന്നു: നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്കുക!" (പ്രവൃ. 3:6). ഉടനെ ആ മനുഷ്യൻ സൗഖ്യമായി. പിന്നീട് പത്രൊസ്

ജനത്തോടു പറഞ്ഞു, "നസറായനായ യേശുക്രിസ്റ്റുവിന്റെ നാമത്തിൽ...ഈ മനുഷ്യൻ നിങ്ങളുടെ മുമ്പാകെ നല്ല ആരോഗ്യത്തോടെ നിൽക്കുന്നു" (പ്രവൃ. 4:10). യേശുവിന്റെ നാമം സൗഖ്യമാക്കുന്ന ഒരു നാമവും ആണെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു. ഏതു തരത്തിലുള്ള രോഗത്തിൽനിന്നും സൗഖ്യം ലഭിക്കേണ്ടതിന് നമുക്ക് യേശുവിന്റെ നാമത്തെ വിളിക്കാം.

### *e. കഴുകപ്പെടുവാനും, വിശുദ്ധീകരിക്കപ്പെടുവാനും, നീതീകരിക്കപ്പെടുവാനും*

നാം കഴുകപ്പെടുകയും, വിശുദ്ധീകരിക്കപ്പെടുകയും, നീതീകരിക്കപ്പെടുകയും ചെയ്യത്തക്കവണ്ണം യേശുവിന്റെ നാമം നമുക്കു നൽകപ്പെട്ടിരിക്കുന്നു (1 കൊരി. 6:11). മലിനപ്പെട്ട വ്യക്തികളെന്ന നിലയിൽ, നാം യേശുവിന്റെ നാമത്തിലും ദൈവാത്മാവിനാലും കഴുകപ്പെട്ടും വിശുദ്ധീകരിക്കപ്പെട്ടും നീതീകരിക്കപ്പെട്ടുമിരിക്കുന്നു. നിർണ്ണായകമായ ഒരു കാര്യം കാണാതെ വർഷങ്ങളായി ഞാൻ 1 കൊരിന്ത്യർ 6:11 വായിച്ചു: നാമത്തിലും ആത്മാവിനാലും. നാമം വ്യക്തിയോടും ആത്മാവിനോടും വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. യേശുവിന്റെ നാമം പൊള്ളയായ ഒരു നാമമായിരുന്നെങ്കിൽ, അതിന് എങ്ങനെ നമ്മെ കഴുകുവാൻ കഴിയുമായിരുന്നു? അതിന് എങ്ങനെ നമ്മെ വിശുദ്ധീകരിക്കുവാനും നീതീകരിക്കുവാനും കഴിയുമായിരുന്നു? അത് അസാധ്യമാകുമായിരുന്നു. എന്നാൽ, ഈ നാമം ആത്മാവിനോട് ബന്ധപ്പെടുത്തിയിരിക്കുന്നു. ആത്മാവ് നാമത്തിന്റെ വ്യക്തിയും, നാമത്തിന്റെ യാഥാർഥ്യവും ആണ്. അതുകൊണ്ട് നാമത്തിന് നമ്മെ കഴുകുവാനും, നമ്മെ വിശുദ്ധീകരിക്കുവാനും, നമ്മെ നീതീകരിക്കുവാനും കഴിയും. ആത്മാവ് നാമവുമായി ഒന്നാണ്. യേശു എന്നത് കർത്താവിന്റെ നാമവും, ആത്മാവ് എന്നത് കർത്താവെന്ന വ്യക്തിയും ആണ്. നാം ഒരു യഥാർഥ വ്യക്തിയുടെ പേരു വിളിക്കുമ്പോൾ, ആ വ്യക്തി വരുന്നു. യേശുവിന്റെ നാമം നമ്മെ കഴുകുകയും, നമ്മെ വിശുദ്ധീകരിക്കുകയും, നമ്മെ നീതീകരിക്കുകയും ചെയ്യുന്ന വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് വെറും ഉപദേശമോ സിദ്ധാന്തമോ അല്ല—ഇത് യാഥാർഥ്യമാണ്. നാം യേശുവിന്റെ നാമത്തിൽ വിശ്വസിക്കുകയും, യേശുവിന്റെ നാമത്തിലേക്ക് വയ്ക്കപ്പെടുകയും ചെയ്യുമ്പോൾ, നാം ജീവനുള്ള ഒരു വ്യക്തിയിലേക്ക്, അതായത്, പരിശുദ്ധാത്മാവിലേക്ക് വയ്ക്കപ്പെടുന്നു. ഈ പരിശുദ്ധാത്മാവ് നമ്മെ കഴുകുകയും, നമ്മെ വിശുദ്ധീകരിക്കുകയും, നമ്മെ നീതീകരിക്കുകയും ചെയ്യുന്നു.

### *f. വിളിച്ചപേക്ഷിക്കുവാൻ*

യേശുവിന്റെ നാമം നമുക്ക് വിളിച്ചപേക്ഷിക്കുവാൻ വേണ്ടിയുള്ളതാണ് (റോമ. 10:13; 1 കൊരി. 1:2). യേശുവിന്റെ

നാമത്തെ വിളക്കുന്നതിന്റെ രഹസ്യം ഞാൻ കണ്ടെത്തിയതിനു മുമ്പ് കുറഞ്ഞത് മുപ്പത്തഞ്ചു വർഷം ഞാൻ ഒരു ക്രിസ്ത്യാനിയായിരുന്നു. കർത്താവിന്റെ നാമത്തെ വിളിക്കുന്നത് പ്രാർഥിക്കുന്നതിനു സമമാണെന്ന് ഞാൻ ചിന്തിച്ചു. ഒടുവിൽ, പ്രാർഥിക്കുന്നത് ഒരു കാര്യമാണെന്നും വിളിക്കുന്നത് മറ്റൊന്നുമാണെന്നും വേദപുസ്തകത്തിൽനിന്നും ഞാൻ കണ്ടുപിടിച്ചു. പതിനഞ്ചു വർഷങ്ങൾക്കു മുമ്പ് മിക്കപ്പോഴും മുട്ടുകുത്തിക്കൊണ്ട് ഞാൻ വളരെയധികം പ്രാർഥിച്ചിരുന്നു. യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നതിന്റെ രഹസ്യമോ, വിളിക്കുന്നത് പ്രാർഥിക്കുന്നതിൽനിന്നും വ്യത്യസ്തമാണെന്നോ ഞാൻ അറിഞ്ഞിരുന്നില്ല.

അല്പം പ്രചോദനത്തോടുകൂടെമാത്രം പ്രാർഥിക്കുന്നത് നാം എല്ലാവരും അനുഭവമാക്കിയിട്ടുണ്ട്. എന്നാൽ, നാം കർത്താവിനെ അഞ്ചു മിനിട്ട് വിളിക്കുമ്പോൾ, നാം പ്രചോദിപ്പിക്കപ്പെടുന്നു. ശ്രമിച്ചുനോക്കുക! പഴയ രീതിയിൽ നാം പ്രാർഥിച്ചപ്പോൾ നാം ചിലപ്പോൾ പ്രാർഥിച്ച് ഉറങ്ങിപ്പോയി എന്ന് നമ്മിൽ അനേകർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. എന്നാൽ കർത്താവിന്റെ നാമത്തെ വിളിക്കുന്നത് ഒരിക്കലും നമ്മെ ഉറക്കുന്നില്ല. മറിച്ച് അതു നമ്മെ ഉത്തേജിപ്പിക്കുന്നു.

പൗലൊസ്, തർസൊസിലെ ശൗലായിരുന്നപ്പോൾ, സകല വിശുദ്ധന്മാരെയും നശിപ്പിക്കുവാൻ ശ്രമിച്ചുവെന്ന് പ്രവൃത്തികൾ 9:14 പറയുന്നു. യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും ബന്ധിക്കുവാൻ അവൻ യെരൂശലേമിൽനിന്നും ദമസ്കൊസിലേക്ക് പോകുവാൻ ഉദ്ദേശിച്ചു. യേശുവിനോട് പ്രാർഥിക്കുന്നവരെ അല്ല, മറിച്ച് യേശുവിനെ വിളിച്ചപേക്ഷിക്കുന്നവരെ അവൻ ബന്ധിക്കുവാൻ പോകുന്നു എന്നാണ് ഈ വാക്യം പറയുന്നത്. ഈ ഒരു വാക്യത്താൽ ആദിമ ക്രിസ്ത്യാനികൾ യേശുവിനെ വിളിച്ചപേക്ഷിക്കുന്നവരായിരുന്നു എന്ന് നമുക്ക് കാണാം. അവർ പ്രാർഥിച്ചപ്പോഴെല്ലാം അവർ വിളിച്ചു. അവർ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുകയും, അത് തരിച്ചറിയലിന്റെ ഒരു അടയാളമായിത്തീരുകയും ചെയ്തു.

പ്രാർഥിക്കുന്ന ഏവനും രക്ഷിക്കപ്പെടുമെന്ന് വേദപുസ്തകം പറയുന്നില്ല. കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടുമെന്ന് അതു പറയുന്നു (റോമ. 10:13). ഞാൻ ഒരു പാപിയാണെന്നും കർത്താവായ യേശുവിൽ വിശ്വസിക്കുന്നുവെന്നും കരുതുക. നിങ്ങൾ എന്നെ പ്രാർഥിക്കുവാൻ സഹായിക്കുന്നു, ഞാൻ പറയുന്നു, "കർത്താവായ യേശുവേ, ഞാൻ ഒരു പാപിയാകുന്നു. നീ എന്റെ രക്ഷകനാണ്. നീ എന്നെ സ്നേഹിക്കുന്നു. എനിക്കുവേണ്ടി നീ ക്രൂശിൽ മരിച്ചു. നിനക്ക് നന്ദി." ഈ രീതിയിൽ പ്രാഥിക്കുന്നത് നല്ലതാണെങ്കിലും, ഇങ്ങനെ പ്രാർഥിക്കുന്നത് ആത്മാവിന് നമ്മിലേക്കു കടക്കുവാൻ വളരെ

പ്രയാസമുണ്ടാക്കുന്നു. എന്നാൽ, "ഓ, കർത്താവായ യേശുവേ" എന്ന് അത്യുച്ചത്തിൽ വിളിക്കുവാൻ നിങ്ങൾ എന്നെ സഹായിക്കുന്നുവെങ്കിൽ, അത് വലിയൊരു വ്യത്യാസം ഉളവാക്കും. നിങ്ങൾ സുവിശേഷം പ്രസംഗിക്കുമ്പോൾ, ആളുകളുടെ ചിന്തയ്ക്ക് മാറ്റംവരുത്തുവാൻ വളരെയേറെ ശ്രമിക്കരുത്. പകരം, ഉള്ളിൽ ആഴത്തിൽനിന്നും അവരുടെ ആളത്തത്തെയും, അവരുടെ ഹൃദയത്തെയും, അവരുടെ ആത്മാവിനെയും തുറക്കുവാനും, യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുവാൻ അവരുടെ വായ് ഉപയോഗിക്കുവാനും അവരെ സഹായിക്കുക. ഈ രീതിയിൽ യേശുവിന്റെ നാമത്തെ വിളിക്കുവാൻ നിങ്ങൾ പുതിയ വിശ്വാസികളെ സഹായിക്കുമെങ്കിൽ ആത്മാവിന് ഉള്ളിലേക്ക് പ്രവേശിക്കുവാൻ വാതിൽ മലർക്കെ തുറക്കപ്പെടും. വ്യർഥവാക്കുകളാൽ പ്രാർഥിക്കേണ്ട ആവശ്യമില്ല. പത്തു പ്രാവശ്യം യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചതിനുശേഷം നിങ്ങൾ സ്വർഗത്തിലായിരിക്കും. നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും, നിങ്ങളുടെ ഭാരം ഉയർത്തപ്പെടുകയും, നിങ്ങൾക്ക് നിത്യജീവൻ ഉണ്ടായിരിക്കുകയും ചെയ്യും. നിങ്ങൾക്ക് സകലതും ഉണ്ടായിരിക്കും.

അനേകം വർഷങ്ങളായി ഒരു വിശ്വാസിയാണെങ്കിൽപോലും കർത്താവിനെ സ്പർശിക്കുവാനും, കർത്താവായ യേശുവിനെ ആസ്വദിക്കുവാനും, കർത്താവായ യേശുവിനെക്കുറിച്ച് എന്തെങ്കിലും പങ്കുവയ്ക്കാനുമുള്ള ഏറ്റവും നല്ല മാർഗം വളരെയധികം പറയുന്നതല്ല, പിന്നെയോ കർത്താവിന്റെ അടുക്കലേക്കു പോയി "യേശുവേ! യേശുവേ! കർത്താവായ യേശുവേ!" എന്നു വിളിക്കുന്നതാണ്. യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുമ്പോൾ നിങ്ങൾ ചിലത് രുചിക്കും. "എല്ലാവരുടെയും കർത്താവും അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു" (റോമ. 10:12). അനേകം സമയങ്ങളിലും നമ്മുടെ വാക്കുകൾ വളരെ വ്യർഥമാണ്. "യേശുവേ" എന്നു മാത്രം വിളിക്കുന്നതാണ് നല്ലത്. നിങ്ങൾ അവന്റെ നാമത്തെ വിളിക്കുന്നുവെങ്കിൽ, അവനെ രുചിക്കുകയും ആസ്വദിക്കുകയും ചെയ്യും. യേശുവിന്റെ നാമം അത്ഭുതകരമായ ഒരു നാമമാണ്. നാം എല്ലാവരും അവനെ വിളിക്കണം.

### *ഗ. പ്രാർഥിക്കുവാൻ*

യേശുവിന്റെ നാമത്തിൽ നമുക്ക് പ്രാർഥിക്കുകയും ചെയ്യാം (യോഹ. 14:13-14; 15:16; 16:24). നാം ഒരു നീണ്ട പ്രർഥന പ്രാർഥിക്കുകയും അവസാനം അതിനെ "യേശുവിന്റെ നാമത്തിൽ" എന്നീ വാക്കുകളോടുകൂടെ ഉപസംഹരിക്കുകയും ചെയ്യുക എന്ന് ഇത് അർഥമാക്കുന്നില്ല. അത് വളരെ ഔപചാരികമാണ്. എങ്കിലും ഞാൻ അതിനെ എതിർക്കുന്നില്ല, കാരണം ഞാൻതന്നെ അത് നിരവധി തവണ ചെയ്തിട്ടുണ്ട്. മറിച്ച്, നമ്മുടെ പ്രാർഥനയിൽ

യേശുവിന്റെ നാമത്തെ വിളിക്കുകയും "ഓ, യേശുവേ! യേശുവേ! ഞാൻ പ്രാർഥിക്കുവാൻ വരുന്നു!" എന്നു പറയുകയും ചെയ്യുന്നത് നല്ലതെന്ന് ഞാൻ പറയും. യേശുവിന്റെ നാമത്തിൽ, നിങ്ങൾക്ക് പ്രാർഥിക്കുവാൻ യഥാർഥ ഭാരം ഉണ്ടായിരിക്കുകയും, നിങ്ങളുടെ പ്രാർഥന കേട്ട് ഉത്തരം ലഭിച്ചു എന്ന ഉറപ്പുണ്ടായിരിക്കുവാൻ എളുപ്പമായിരിക്കുകയും ചെയ്യും. നാം യേശുവിന്റെ നാമത്തെ വിളിക്കുന്നുവെങ്കിൽ, നാം ചോദിച്ചത് ലഭിക്കുമെന്ന ഉറപ്പ് നമുക്കുണ്ടായിരിക്കും.

തന്റെ നാമത്തിൽ പ്രാർഥിക്കുവാൻ കർത്താവായ യേശു നമ്മോടു പറഞ്ഞതിനുശേഷം, നമ്മിൽ വസിക്കുവാൻ ആത്മാവു വരുമെന്ന് അവൻ പറഞ്ഞു (യോഹ. 14:13-17). ഉൾവസിക്കുന്ന ആത്മാവിന് കർത്താവായ യേശുവിന്റെ നാമത്തിലുള്ള നമ്മുടെ പ്രാർഥനയുമായി വളരെയധികം ബന്ധമുണ്ടെന്ന് ഇതു സൂചിപ്പിക്കുന്നു. യേശുവിന്റെ നാമത്തിൽ പ്രാർഥിക്കുന്നതിന് നമുക്ക് ആത്മാവ് ആവശ്യമാണ്. നാം ആത്മാവിലായിരിക്കുമ്പോൾ, നാം പ്രാർഥിക്കുന്ന യേശുവിന്റെ നാമത്തിന്റെ യാഥാർഥ്യത്തിലാണ്.

### *h. കൂടിവരാൻ*

യേശുവിന്റെ നാമം നമ്മെ അതിലേക്ക് കൂട്ടിച്ചേർക്കേണ്ടതിനുമാണ് (18:20, യവനഭാഷയിൽ നാമത്തി*ലേക്ക്*). കൂടിവരുന്നതിന് നാം ഒന്നിച്ചുവരുമ്പോൾ, നാം യേശുവിന്റെ നാമത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടണം. ജീവ-പഠനം ഉണ്ടായിരിക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടിയാണ് നാം കൂടിവരുന്നതെങ്കിലും നാം ജീവ-പഠനത്തിലേക്കല്ല കൂടിവരുന്നത്, മറിച്ച് യേശുവിന്റെ നാമത്തിലേക്കാണ്. ഒരു ക്രിസ്തീയ യോഗത്തിന് നിങ്ങൾ വരുമ്പോഴെല്ലാം നിങ്ങൾ ഒരിക്കൽക്കൂടെ നാമത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്നു എന്നു തിരിച്ചറിയണം. നമ്മെ യേശുവിന്റെ നാമത്തിലേക്ക് വച്ചിട്ടുണ്ടെങ്കിലും നാം ഇപ്പോഴും അവനിലേക്ക് വളരെ ആഴത്തിലായിട്ടില്ല. തന്മൂലം, അവന്റെ നാമത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുവാൻ പിന്നെയും പിന്നെയും മടങ്ങിവരേണ്ടത് ആവശ്യമാണ്. ഓരോ യോഗത്തിനുംശേഷം നാം കർത്താവിലേക്ക് കൂടുതൽ പ്രവേശിച്ചു എന്ന ആഴമായ അനുഭൂതി നമുക്കുണ്ടായിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ക്രിസ്തീയ കൂടിവരവുകൾ നമ്മെ യേശുവിന്റെ നാമത്തിന്റെ വിലമതിക്കലിലേക്ക് കൂടുതൽ ആഴത്തിൽ കൊണ്ടുവരും.

### *i. ഭൂതങ്ങളെ പുറത്താക്കുവാൻ*

ഭൂതങ്ങളെ പുറത്താക്കുവാനും യേശുവിന്റെ നാമം നല്ലതാണ് (പ്രവൃ. 16:18). യേശുവിന്റെ നാമത്തിന്റെ ശക്തി അറിയുന്നതിന് ഭൂതങ്ങളെ പുറത്താക്കുവാൻ അതിനെ ഉപയോഗിക്കുക. നാം

അറിയുന്നതിനെക്കാൾ കൂടുതൽ യേശുവിന്റെ നാമത്തിന്റെ ശക്തിയെ ഭൂതങ്ങൾ അറിയുന്നു. ഭൂതങ്ങൾ കൗശലക്കാരനാണ്. ചൈനയിലെ ഞങ്ങളുടെ അനുഭവമനുസരിച്ച്, ഭൂതബാധിതരുടെ നിരവധി സംഭവങ്ങളുണ്ടായിരുന്നിടത്തെല്ലാം, ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുമ്പോൾ ഈ യേശു സാധാരണക്കാരനായ, പൊതുവായ യേശു അല്ല, മറിച്ച് അവൻ നിയുക്തനാക്കപ്പെട്ട യേശു ആണെന്ന് അവയോടു പറയണമെന്ന് ഞങ്ങൾ പഠിച്ചു. "ഭൂതമേ, ഒരു മനുഷ്യനായി ജഡാവതാരമെടുത്തവനും, ബെത്ലഹേമിൽ ഒരു കന്യകയിൽനിന്നു ജനിച്ചവനും, നസറെത്തിൽ വളർത്തപ്പെട്ടവനും, എന്റെ പാപങ്ങൾക്കും ബാധിതനായിരിക്കുന്ന ഈ വ്യക്തിയുടെ പാപങ്ങൾക്കും വേണ്ടി ക്രൂശിൽ മരിച്ചവനും, മരിച്ചവരിൽനിന്ന് ഉയിർത്തപ്പെട്ടവനും, സ്വർഗത്തിലേക്ക് ആരോഹണം ചെയ്തവനുമായ ദൈവപുത്രനായ യേശുവിന്റെ നാമത്തിൽ ഞാൻ വരുന്നു. ഈ യേശുവിന്റെ നാമത്തിൽ ഞാൻ വരുകയും വിട്ടുപോകുവാൻ ഞാൻ നിന്നോടു കല്പിക്കുകയും ചെയ്യുന്നു" എന്ന് നാം പറയണം. ഉടനെ ഭൂതങ്ങൾ പുറപ്പെട്ടുപോകും. എന്നാൽ, "യേശുവിന്റെ നാമത്തിൽ ഞാൻ നിന്നെ പുറത്താക്കുന്നു" എന്നു നിങ്ങൾ പറയുന്നുവെങ്കിൽ, ഭൂതം ശ്രദ്ധിക്കുകയില്ല. യേശുവിന്റെ നാമത്തിന്റെ ശക്തി ഭൂതങ്ങൾ അറിയുന്നു. നിങ്ങൾ ഒരു ഭൂതത്തെ പുറത്താക്കുമ്പോൾ, നിങ്ങൾ അധികമൊന്നും പ്രാർഥിക്കേണ്ട ആവശ്യമില്ല. "നിയുക്തനാക്കപ്പെട്ടവനായ യേശുവിന്റെ നാമത്തിൽ ഞാൻ വരുന്നു; നീ പോയിരിക്കണം" എന്നു മാത്രം പറയുക. യേശു വരുമ്പോൾ ഭൂതങ്ങൾ ഓടിപ്പോകണം.

### *j. പ്രസംഗിക്കുവാൻ*

യേശുവിന്റെ നാമം നാം പ്രസംഗിക്കുന്നതിനു വേണ്ടിയാണ് (പ്രവൃ. 9:27). നാം പ്രസംഗിക്കുമ്പോൾ, നാം യേശുവിന്റെ നാമത്തിൽ പ്രസംഗിക്കണം. കർത്താവിന്റെ നാമത്തിൽ പ്രസംഗിക്കുന്നത് ആത്മാവിലായിരിക്കണം, കാരണം ആത്മാവാണ് കർത്താവെന്ന വ്യക്തിയും അവന്റെ നാമത്തിന്റെ യാഥാർഥ്യവും. നാം അവന്റെ നാമത്തിൽ പ്രസംഗിക്കുമ്പോൾ അതിനെ യഥാർഥമാക്കുവാൻ നമുക്ക് ആത്മാവിനെ ആവശ്യമാണ്.

യേശുവിന്റെ നാമത്തിൽ ചെയ്യുവാൻ കഴിയുന്ന സകല കാര്യങ്ങളിലൂടെയും, നാം ചെയ്യുന്നതും നാം ആയിരിക്കുന്നതുമെല്ലാം യേശുവിന്റെ നാമത്തിലായിരിക്കണം എന്നാണ് നാം കാണുന്നത്. യേശുവിന്റെ നാമം ഒരിക്കലും മറക്കരുത്. അവന്റെ നാമം ഒരു മധുര നാമവും, സമ്പന്ന നാമവും, ശക്തിയുള്ള നാമവും, രക്ഷിക്കുന്ന നാമവും, സൗഖ്യമാക്കുന്ന നാമവും, ആശ്വസിപ്പിക്കുന്ന നാമവും, ലഭ്യമായ നാമവും ആണ്. ഇതാണ് ഉയർത്തപ്പെട്ടതും,

ആദരിക്കപ്പെട്ടതും, ബഹുമാനിക്കപ്പെട്ടതുമായ നാമം. ഇത് ശത്രു ഭയപ്പെടുന്ന നാമവും ആണ്.

### *3. യേശുവിന്റെ നാമത്തോടുള്ള സാത്താന്റെ വെറുപ്പ്*

#### *a. ഈ നാമത്തെ ആക്രമിക്കുന്നു*

യേശുവിന്റെ നാമത്തെ സാത്താൻ വെറുക്കുന്നു. 1935-ൽ എന്റെ ജന്മപട്ടണത്തിലെ സഭ ഉണർവു പ്രാപിച്ചപ്പോൾ ഞങ്ങൾക്കെല്ലാം സുവിശേഷം പ്രസംഗിക്കാനുള്ള ഭാരമുണ്ടായി. ഓരോ രാത്രിയിലും പ്രസംഗിക്കുവാൻ ഞങ്ങൾ വീഥികളിലേക്കു പോയി. ഒരു രാത്രി, വീഥിയുടെ ഒരു കോണിൽ ഞങ്ങൾ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഏകദേശം മുപ്പതു വയസ് പ്രായമുള്ള ഒരു മനുഷ്യൻ യേശുവിന്റെ നാമത്തെ അധിക്ഷേപിക്കുവാൻ ധൈര്യപ്പെട്ടു. ഒരു സഹോദരൻ വളരെ ഹൃദ്യമായ രീതിയിൽ അവന്റെ അടുത്തുപോകുകയും അവനുമായി അല്പം സംസാരിക്കാമോ എന്നു ചോദിക്കുകയും ചെയ്തു. അവൻ സമ്മതിച്ചപ്പോൾ, സഹോദരൻ ചോദിച്ചു, "യേശുവിനെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടുമുട്ടിയിട്ടുണ്ടോ?" അവൻ പറഞ്ഞു, "ഇല്ല." പിന്നെ സഹോദരൻ ചോദിച്ചു, "യേശുവിനെക്കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ?" പിന്നെയും അവൻ പറഞ്ഞു, "ഇല്ല." അതിനുശേഷം, സഹോദരൻ പറഞ്ഞു, "യേശു നിങ്ങൾക്ക് എന്തെങ്കിലും മോശമായി ചെയ്തിട്ടുണ്ടോ?" അവൻ പറഞ്ഞു, "ഒരിക്കലുമില്ല." അപ്പോൾ ആ സഹോദരൻ ചോദിച്ചു, "നിങ്ങൾ ഒരിക്കലും യേശുവിനെ കണ്ടുമുട്ടിയിട്ടില്ല. യേശു നിങ്ങൾക്ക് മോശമായി യാതൊന്നും ചെയ്തിട്ടുമില്ല. പിന്നെന്തുകൊണ്ടാണ് നിങ്ങൾ യേശുവിനെ വെറുക്കുന്നത്?" അവൻ പറഞ്ഞു, "ഞാൻ ഒരിക്കലും അവനെ കണ്ടുമുട്ടിയിട്ടില്ലെങ്കിലും, അവൻ എനിക്ക് ഹാനികരമായ യാതൊന്നും ചെയ്തിട്ടില്ലെങ്കിലും ഞാൻ അവനെ വെറുക്കുന്നു." അപ്പോൾ സഹോദരൻ ചോദിച്ചു, "എന്തുകൊണ്ട് നിങ്ങൾ എന്നെ വെറുക്കുന്നില്ല?" ആ മനുഷ്യൻ പറഞ്ഞു, "ഞാൻ നിങ്ങളെ വെറുക്കുന്നില്ല; ഞാൻ യേശുവിനെ വെറുക്കുന്നു." സഹോദരൻ ചോദിച്ചു, "എന്തുകൊണ്ട്?" ആ മനുഷ്യൻ പറഞ്ഞു, "എനിക്കറിയില്ല." അപ്പോൾ സഹോദരൻ ചോദിച്ചു, "സർ, ഞാൻ നിങ്ങളോട് ഒരു വസ്തുത പറയട്ടെ?" ആ മനുഷ്യൻ സമ്മതിച്ചപ്പോൾ സഹോദരൻ പറഞ്ഞു, "ഞാൻ നിങ്ങളോടു പറയട്ടെ, നിങ്ങൾ യേശുവിനെ വെറുക്കുന്നില്ല. മറ്റൊരുവനാണ് യേശുവിനെ വെറുക്കുന്നത്. എന്തുകൊണ്ട്? കാരണം നിങ്ങൾ യേശുവിനെ ഒരിക്കലും കണ്ടുമുട്ടിയിട്ടില്ല. അതു നിങ്ങളല്ല!" ആരായിരുന്നു യേശുവിനെ വെറുത്തതെന്ന് ആ മനുഷ്യൻ സഹോദരനോടു ചോദിച്ചപ്പോൾ, സഹോദരൻ പറഞ്ഞു, "നിങ്ങളുടെ ഉള്ളിലുള്ള പിശാചാണ് യേശുവിനെ വെറുക്കുന്നത്." ഇതിലെല്ലാറ്റിലൂടെയും

നാം കാണുന്നത് യേശുവിന്റെ നാമത്തെ ആക്രമിക്കുവാൻ സാത്താൻ ജനത്തെ ഉപയോഗിക്കുന്നു എന്നാണ് (പ്രവൃ. 26:9).

ഒരു വിശ്വാസിയെന്ന നിലയിൽ ഒരുപക്ഷേ നിങ്ങൾക്ക് താഴെ പറയുന്ന അനുഭവം ഉണ്ടായിരുന്നിരിക്കാം. പ്ലാറ്റോയെക്കുറിച്ചോ എബ്രഹാം ലിങ്കണെക്കുറിച്ചോ നിങ്ങൾ സംസാരിക്കാൻ തുടങ്ങുമ്പോൾ നിങ്ങൾക്ക് ലജ്ജ തോന്നുന്നില്ല; എന്നാൽ യേശുവിനെക്കുറിച്ച് നിങ്ങൾ ജനത്തോടു പറയുമ്പോഴെല്ലാം വിചിത്രമായ ഒരു അനുഭൂതി നിങ്ങളുടെമേൽ വരുന്നു. ചൈനക്കാർ കൺഫ്യൂഷ്യസിനെക്കുറിച്ചു പറയുമ്പോൾ, അവർക്ക് മഹത്വകരമായി തോന്നുന്നു. യേശുവിനെക്കുറിച്ച് നാം മറ്റുള്ളവരോടു സംസാരിക്കുമ്പോഴെല്ലാം നമുക്കും മഹത്വകരമായി തോന്നണം, എന്നാൽ പലപ്പോഴും നമുക്ക് മഹത്വകരമായ ഒരു അനുഭൂതി ഇല്ല. പകരം, വിചിത്രമായ ഒരു അനുഭൂതിയാണ് നമുക്കുള്ളത്. ഇത് പൈശാചികമാണ്! ഈ പ്രപഞ്ചത്തിലും ഈ ഭൂമിയിലും യേശുവിനെതിരായുള്ള ഒരു പൈശാചിക മൂലകമുണ്ട്. ലോകസാഹചര്യത്തെയും, സമ്പദ് വ്യവസ്ഥയെയും, ശാസ്ത്രത്തെയും, മറ്റനേകം കാര്യങ്ങളെയുംകുറിച്ച് നിങ്ങൾ സംസാരിക്കുന്നിടത്തോളം നിങ്ങൾക്ക് യാതൊരു പ്രശ്നവുമില്ല; എന്നാൽ യേശുവിന്റെ നാമത്തെക്കുറിച്ച് നിങ്ങൾ സംസാരിക്കുമ്പോഴൊക്കെയും നിങ്ങൾക്ക് വിചിത്രമായ ഒരു അനുഭൂതിയുണ്ട്. ഇത് പിശാചിൽനിന്നു വരുന്നു. സാത്താനും അവന്റെ എല്ലാ ഭൂതങ്ങളും യേശുവിന്റെ നാമത്തെ വെറുക്കുന്നതുകൊണ്ട്, നാം ഏറ്റവുമധികമായി അതിനെ പ്രഖ്യാപിക്കണം. ഈ നാമത്തോടുള്ള ബന്ധത്തിൽ നാം ധൈര്യമുള്ളവരായിരിക്കുകയും, "സാത്താനേ, യേശു എന്റെ കർത്താവാണ്! സാത്താനേ, മാറിപ്പോകുക!" എന്നു പറയുകയും വേണം. യേശുവിന്റെ നാമത്തെ നാം ആർത്തുഘോഷിക്കണം.

### *b. ഈ നാമത്തിൽ സംസാരിക്കുന്നത് തടസ്സപ്പെടുത്തുന്നു*

പ്രവൃത്തികളുടെ പുസ്തകം നിങ്ങൾ വായിക്കുന്നുവെങ്കിൽ, വിശ്വാസികൾ യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നതിനെ വിലക്കിക്കൊണ്ട്, ആദ്യനാളുകളിൽ മതവാദികൾ യേശുവിന്റെ നാമത്തെ ആക്രമിച്ചിരുന്നു എന്നു നിങ്ങൾ കാണും (പ്രവൃ. 4:17-18; 5:40). യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുകയോ, എന്തെങ്കിലും ചെയ്യുകയോ, അവന്റെ നാമത്തിൽ എന്തെങ്കിലും പറയുകയോ ചെയ്യരുതെന്ന് പരീശന്മാർ പത്രൊസിനും യോഹന്നാനും താക്കീതു നൽകി. വേദപുസ്തകം പ്രസംഗിക്കുന്നതിന് കുഴപ്പമൊന്നുമില്ല, എന്നാൽ യേശുവിന്റെ നാമത്തിൽ പ്രസംഗിക്കരുത്. ദൈവത്തിന്റെ രക്ഷ ഈ നാമത്തിലാണെന്ന് സാത്താന് അറിയാമെന്നുള്ളതുകൊണ്ട്

യേശുവിന്റെ നാമത്തെ സാത്താൻ വെറുക്കുന്നു. യേശുവിന്റെ നാമത്തിൽ നാം എത്രയധികം പ്രസംഗിക്കുകയും, എത്രയധികം യേശുവിനോടു പ്രാർഥിക്കുകയും ചെയ്യുന്നുവോ, അത്രയധികം ആളുകൾ രക്ഷിക്കപ്പെടും. ഇക്കാരണത്താലാണ് സാത്താൻ ഈ നാമത്തെ വെറുക്കുന്നത്.

*c. ഈ നാമത്തിനുവേണ്ടി കഷ്ടം സഹിക്കുന്നു*

അപ്പൊസ്തലന്മാർ ഉപദ്രവിക്കപ്പെട്ടപ്പോൾ, യേശുവിന്റെ നാമത്തിനുവേണ്ടി കഷ്ടം സഹിക്കുവാൻ യോഗ്യരായി എണ്ണപ്പെട്ടതിൽ അവർ സന്തോഷിച്ചു (പ്രവൃ. 5:41).ഇതു മനോഹരമല്ലേ? ഈ നാമത്തിനുവേണ്ടി അവരുടെ ജീവനെപ്പോലും അപായപ്പെടുത്തി (പ്രവൃ. 15:26). സാത്താൻ തന്റെ സകല ദുഷ്ട ശക്തിയാലും യേശുവിന്റെ നാമത്തെ ആക്രമിക്കുന്നതുകൊണ്ട് ഈ നാമത്തിനുവേണ്ടി കഷ്ടംസഹിക്കുവാൻ നാം പഠിക്കണം.

*d. ഈ നാമത്തെ നിഷേധിക്കുന്നില്ല*

കർത്താവിന്റെ നാമത്തെ നിഷേധിക്കാത്തതുകൊണ്ട് വെളിപ്പാട് 3:8-ൽ കർത്താവായ യേശു ഫിലദെൽഫ്യയിലെ സഭയെ പുകഴ്ത്തിപ്പറഞ്ഞു. നാം ഒരിക്കലും യേശുവിന്റെ നാമത്തെ നിഷേധിക്കരുത്. മറ്റെല്ലാ നാമത്തെയും നാം നിഷേധിക്കുകയും, എന്നാൽ യേശുവിന്റെ നാമത്തെ കാക്കുകയും വേണം. നാം ഏതെങ്കിലും വ്യക്തിക്കോ ഏതെങ്കിലും വിഭാഗത്തിനോ ഉള്ളവരല്ല, മറിച്ച് നാം യേശുവിനുള്ളവരാണെന്ന് നാം സാക്ഷ്യപ്പെടുത്തണം. നമുക്ക് സ്വന്തമായിട്ടുള്ള ഏക നാമം യേശുവിന്റെനാമമാണ്.

## K. ഇമ്മാനൂവേൽ, ജനത്താൽ വിളിക്കപ്പെട്ട നാമം

### *1. ഇമ്മാനൂവേൽ എന്ന നിലയിൽ നമ്മളാൽ അനുഭവമാക്കപ്പെട്ട യേശു*

ഇനി നാം രണ്ടാമത്തെ പേരായ ഇമ്മാനൂവേലിലേക്കു വരുന്നു (മത്താ. 1:23). ഈ നാമത്തെക്കുറിച്ച് ദൂതന്മാർ യോസേഫിനോടോ മറിയയോടോ സംസാരിച്ചില്ല. ഒരു ചെറിയ അളവിൽ അനുഭവമുണ്ടായിരുന്ന ജനത്താൽ വിളിക്കപ്പെട്ടിരുന്ന നാമമാണ് ഇമ്മാനൂവേൽ. യേശുവിനെ സംബന്ധിച്ച് കുറച്ച് അനുഭവം നിങ്ങൾക്കുണ്ടായിരിക്കുമ്പോഴെല്ലാം അവൻ നിങ്ങളോടുകൂടെയുള്ള ദൈവമാണെന്ന് പറയുവാൻ നിങ്ങൾക്കു കഴിയും. യേശു ദൈവം നമ്മോടുകൂടെ എന്നതിൽ കുറഞ്ഞ് മറ്റൊന്നുമല്ല. ഇതാണ് നമ്മുടെ അനുഭവം. അവന്റെ നാമം യേശു ആണെന്ന് ദൈവം നമ്മോടു പറഞ്ഞു. എന്നാൽ നാം അവനെ സ്വീകരിക്കുകയും അവനെ അനുഭവമാക്കുകയും ചെയ്യുമ്പോൾ, യേശു നമ്മോടുകൂടെയുള്ള ദൈവമാണെന്ന് നാം പറയുന്നു. ഇത് അത്ഭുതകരമാണ്.

പലപ്പോഴും നമ്മുടെ മനസ്സിലേക്കു തിരിഞ്ഞ് നാം ചോദിക്കുന്നു, "ഈ യേശു ദൈവം തന്നെയാണോ?" അവൻ ദൈവപുത്രനാണെന്ന് നമുക്കുറപ്പുണ്ടായിരിക്കാം, എന്നാൽ അവൻ വാസ്തവത്തിൽ ദൈവം തന്നെയാണോ എന്ന് നമുക്ക് ഉറപ്പുണ്ടായിരിക്കുകയില്ല. ഞാൻ ചെറുപ്പമായിരുന്നപ്പോൾ, യേശു ദൈവമാണെന്ന് നേരിട്ട് പറയുന്ന കാര്യത്തിൽ നാം ശ്രദ്ധാലുക്കളായിരിക്കണമെന്ന് ചില മൗലികരായ ക്രിസ്തീയ ഉപദേശകന്മാർ എന്നെ പഠിപ്പിച്ചിട്ടുണ്ട്. ദൈവപുത്രൻ ദൈവത്തിൽനിന്നും വ്യത്യസ്തനാണെന്ന് എന്നെ പഠിപ്പിച്ചു. അതുകൊണ്ട്, യേശു ദൈവമാണെന്ന് നേരിട്ട് പറയരുതെന്ന് അവർ എന്നോടു പറഞ്ഞു. യേശുവിലൂടെ ഞാൻ ദൈവത്തോടു പ്രാർഥിക്കണമെന്ന് അവർ എന്നോടു പറഞ്ഞു. മാനുഷിക ധാരണയനുസരിച്ചുള്ള ഒരു ഉപദേശം ഞാൻ സ്വീകരിച്ചു. എന്നാൽ അധികം അഭ്യസനത്തിനുശേഷം, ഞാൻ എത്രമാത്രം പ്രാർഥിച്ചുവോ, അത്രയുമധികം ഈ യേശു എന്നോടുകൂടെയുള്ള ദൈവമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. സിദ്ധാന്തത്താൽ തർക്കിക്കുന്നത് ഒതു കാര്യവും, വസ്തുത അനുഭവമാക്കുന്നത് മറ്റൊരു കാര്യവുമാണ്. മിക്കപ്പോഴും ക്രിസ്ത്യാനികൾ അവരുടെ അനുഭവത്തോട് യോജിക്കുന്നില്ല: പകരം, അവർ തങ്ങളുടെ ധാരണകളോടു യോജിക്കുന്നു.

എല്ലാ ക്രിസ്ത്യാനികൾക്കും ഈ അനുഭവമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ അനുഭവമനുസരിച്ച് യേശു ദൈവമാണെന്ന് ഉള്ളിൽ ആഴത്തിൽ നിങ്ങൾക്ക് ഒരു അനുഭൂതി ഇല്ലേ? നിങ്ങൾക്കുണ്ട്, എങ്കിലും ഉപദേശത്തിൽ ഇതു പറയുവാൻ നിങ്ങൾ ധൈര്യപ്പെടുന്നില്ല. എങ്കിലും, യേശുവിനെ ദൈവമല്ലാതെ ഒരുവനായി നിങ്ങൾ പരിഗണിക്കരുത്. യേശു ദൈവത്തിൽ കുറഞ്ഞ് മറ്റൊന്നുമല്ല. അവൻ ദൈവപുത്രൻ മാത്രമല്ല, അവൻ ദൈവം തന്നെയുമാണ്. യേശുവിനെക്കൂടാതെ നിങ്ങൾക്ക് ദൈവത്തെ കണ്ടെത്തുവാൻ കഴിയുകയില്ലെന്ന് ചില നല്ല എഴുത്തുകാർ പറഞ്ഞിട്ടുണ്ട്. ദൈവം യേശുവിനോടുകൂടെയാണ്, ദൈവം യേശുവാണ്. ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ മാത്രമായിരുന്നില്ല, പിന്നെയോ വചനം ദൈവമായിരുന്നു (യോഹ. 1:1). ഈ വചനം ജഡമായിത്തീരുകയും യേശു എന്നു വിളിക്കപ്പെടുകയും ചെയ്തു.

നാം യേശുവിനെ അനുഭവമാക്കുമ്പോൾ, അവൻ ദൈവം, നമ്മോടുകൂടെയുള്ള ഇമ്മാനൂവേൽ, ആണ്. യേശു നമ്മുടെ ആശ്വാസമാണെന്നും, നമ്മുടെ വിശ്രമമാണെന്നും, നമ്മുടെ സമാധാനമാണെന്നും, നമ്മുടെ ജീവനാണെന്നും നാം കേട്ടിട്ടുണ്ട്. യേശു നമുക്ക് ഇത്രയധികമാണ്. നാം അവനെ അനുഭവിക്കുമെങ്കിൽ, നാം ഉടനെ പറയും, "ഇതാണ് ദൈവം! ഇത് എന്നിൽനിന്നും വളരെ അകലെയുള്ള ദൈവമോ സ്വർഗത്തിലുള്ള

ദൈവമോ അല്ല, എന്നോടുകൂടെയുള്ള ദൈവമാണ്." ഒരു പ്രത്യേക രീതിയിൽ നാം യേശുവിനെ അനുഭവമാക്കുമ്പോഴെല്ലാം യേശു നമ്മോടുകൂടെയുള്ള ദൈവമാണെന്ന് നാം മനസ്സിലാക്കുന്നു. യേശു നമ്മുടെ രക്ഷയാണ്. ഈ രക്ഷയെ നാം അനുഭവമാക്കിയശേഷം നാം പറയുന്നു, "ഇത് നമ്മുടെ രക്ഷയായ നമ്മോടുകൂടെയുള്ള ദൈവമാണ്." യേശു നമ്മുടെ സഹനശക്തിയാണ്. എന്നാൽ നമ്മുടെ സഹനശക്തിയായി നാം യേശുവിനെ അനുഭവമാക്കുമ്പോൾ നാം പറയുന്നു, "ഈ സഹനശക്തി എന്നോടുകൂടെയുള്ള ദൈവമാണ്." യേശു വഴിയും സത്യവുമാണ്, എന്നാൽ വഴിയായും സത്യമായും നാം അവനെ അനുഭവമാക്കുമ്പോൾ നാം പറയുന്നു, "ഈ വഴിയും ഈ സത്യവും എന്നോടുകൂടെയുള്ള ദൈവം തന്നെയാണ്." ഹല്ലേലൂയ്യാ, യേശു നമ്മോടുകൂടെയുള്ള ദൈവമാണ്! നമ്മുടെ അനുഭവത്തിൽ അവൻ ഇമ്മാനൂവേലാണ്.

### *2. നമ്മുടെ കൂടിവരവുകളിൽ നമ്മോടുകൂടെ*

യേശുവിന്റെ നാമത്തിലേക്ക് നമ്മെ കൂട്ടിച്ചേർക്കുമ്പോഴെല്ലാം അവൻ നമ്മോടുകൂടെ ഉണ്ട് (മത്താ. 18:20). ഒരിക്കൽക്കൂടെ, ഇത് ദൈവം നമ്മോടുകൂടെയുള്ള ഇമ്മാനൂവേലാണ്. നമ്മുടെ യോഗങ്ങളിലുള്ള യേശുവിന്റെ സാന്നിധ്യമാണ് വാസ്തവത്തിൽ നമ്മോടുകൂടെയുള്ള ദൈവം.

### *3. എല്ലാ നാളും നമ്മോടുകൂടെ*

എല്ലാ നാളും, യുഗാവസാനത്തോളം, യേശു നമ്മോടുകൂടെ ഉണ്ട് (28:20). "എല്ലാ നാളും" എന്നതിൽ ഇന്നും ഉൾപ്പെടുന്നു. ഇന്നത്തെക്കുറിച്ച് മറന്നുപോകരുത്. നിരവധി ക്രിസ്ത്യാനികൾ ചിന്തിക്കുന്നത്, ഇന്നൊഴികെ എല്ലാ നാളും യേശു സന്നിഹിതനാകുന്നു എന്നാണ്. എന്നാൽ യേശു ഇപ്പോൾ, ഇന്ന് നമ്മോടുകൂടെ ഉണ്ട്!

### *4. നമ്മുടെ ആത്മാവിൽ നമ്മോടുകൂടെ*

യേശു നമ്മുടെ ഇടയിൽ ഉണ്ടെന്നു മാത്രമല്ല, അവൻ നമ്മുടെ ആത്മാവിലും ഉണ്ട്. 2 തിമൊഥെയൊസ് 4:22 പറയുന്നു, "കർത്താവ് നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ." നമ്മുടെ ആത്മാവോടുകൂടെയുള്ള ഈ യേശു ദൈവം നമ്മോടുകൂടെയുള്ള ഇമ്മാനൂവേലാണ്.

### *5. ആത്മാവ് അവന്റെ സാന്നിധ്യമാകുന്നു*

യേശുവിന്റെ സാന്നിധ്യത്തിൽനിന്നും ആത്മാവിനെ നമുക്ക് ഒരിക്കലും വേർപിരിക്കുവാൻ കഴിയുകയില്ല. ആത്മാവ് യേശുവിന്റെ സാന്നിധ്യത്തിന്റെ യാഥാർഥ്യമാണ് (യോഹ. 14:16-20). ഈ സാന്നിധ്യം ദൈവം നമ്മോടുകൂടെയുള്ള ഇമ്മാനൂവേലാണ്.

### *6. യേശുവിന്റെ നാമത്തെ വിളിക്കുന്നതിലൂടെ ആത്മാവിനെ സ്വീകരിക്കുന്നു*

നാം യേശുവിന്റെ നാമത്തെ വിളിക്കുമ്പോൾ, നാം ആത്മാവിനെ, യേശുവിന്റെ യാഥാർഥ്യവും സാക്ഷാൽക്കാരവുമായ യേശു എന്ന വ്യക്തിയെ സ്വീകരിക്കുന്നു. 1 കൊരിന്ത്യർ 12:3 പറയുന്നു, "പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയില്ല." "കർത്താവായ യേശു" എന്നു നാം പറയുമ്പോഴെല്ലാം നാം ആത്മാവിലായിരിക്കുകയും ആത്മാവിനെ പ്രാപിക്കുകയും ചെയ്യുന്നു. ആത്മാവിനെ പ്രാപിക്കുവാൻ ഉപവസിച്ചു പ്രാർഥിക്കണമെന്നു ചിന്തിച്ചുകൊണ്ട് നാം എല്ലാവരും പാരമ്പര്യത്തിന്റെ സ്വാധീനത്തിൻകീഴിൽ ആയിരുന്നവരാണ്. എന്നാൽ ആത്മാവിനെ പ്രാപിക്കുന്നത് വളരെ ലളിതമാണ്—യേശുവിന്റെ നാമത്തെ വിളിക്കുക മാത്രം ചെയ്യുക.

### *7. ഇമ്മാനൂവേലിന്റെ ദേശം കൈവശപ്പെടുത്തുവാൻ ശത്രു ശ്രമിക്കുന്നു*

യെശയ്യാവ് 8:7-8 അനുസരിച്ച്, ഇമ്മാനൂവേലിന്റെ ദേശം കൈവശപ്പെടുത്തുവാൻ ശത്രു ശ്രമിച്ചേക്കാം. ഇത് യിസ്രായേൽമക്കൾക്കുവേണ്ടി മാത്രമുള്ള വചനമാണെന്നു ചിന്തിക്കരുത്. ഇന്ന് നമ്മുടെ ആത്മാവ് ഇമ്മാനൂവേലിന്റെ ദേശമാണ്. അങ്ങനെ, നാം തന്നെ ഇമ്മാനൂവേലിന്റെ ദേശമാണ്. ശത്രുവായ സാത്താൻ അവന്റെ സർവസൈന്യത്തോടുംകൂടെ ഇമ്മാനൂവേലിന്റെ ദേശം കൈവശപ്പെടുത്തുവാൻ, അതായത്, നമ്മുടെ ആത്മാവിനെയും നമ്മുടെ ആളത്തത്തെയും കൈവശപ്പെടുത്തുവാൻ തന്നാലാവോളം ചെയ്യും.

### *8. നമ്മെ കൈവശപ്പെടുത്തുവാൻ ശത്രു പ്രാപ്തനല്ല*

ദൈവം നമ്മോടുകൂടെ ഉള്ളതുകൊണ്ട്, ശത്രുവിന് ഒരിക്കലും ഇമ്മാനൂവേലിന്റെ ദേശം കൈവശപ്പെടുത്തുവാൻ കഴിയുകയില്ലെന്ന് യെശയ്യാവ് 8:10 നമ്മോടു പറയുന്നു. നിങ്ങളെ കൈവശപ്പെടുത്തുവാൻ സാത്താൻ തന്നാലാവോളം ശ്രമിച്ചിട്ടുണ്ടെങ്കിലും നിങ്ങൾ ഇപ്പോഴും ഇവിടെ ഉണ്ട്. ഒരുപക്ഷെ കഴിഞ്ഞ ആഴ്ച നിങ്ങളെ കൈവശപ്പെടുത്തുവാൻ സാത്താൻ ഇരുപത്തൊന്നു പ്രാവശ്യം ശ്രമിച്ചുണ്ടാകും, എന്നാൽ ഓരോ തവണയും അവൻ പരാജയപ്പെട്ടു. ഇമ്മാനൂവേൽ നിമിത്തം, ദൈവം നമ്മോടുകൂടെ ഉള്ളതു നിമിത്തം, നിങ്ങൾ ഇപ്പോഴും ഇവിടെ ഉണ്ട്. ഈ ഇമ്മാനൂവേൽ യേശു ആണ്. ഇന്ന് ഇങ്ങനെയുള്ള ഒരു യഥാർഥ മാർഗത്തിൽ നമ്മുടെ ഇമ്മാനൂവേലായി യേശുവിനെ നമുക്ക് ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യാം.